**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2588** — **15-10-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം വകുപ്പിന്റെ അധീനതയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | ദേവസ്വം വകുപ്പിന്റെ അധീനതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ 22 എയ്ഡഡ് സ്കൂളുകളും 4 സി ബി എസ് ഇ സ്കൂളുകളും 4 എയ്ഡഡ് കോളേജുകളും ഒരു അൺഎയ്ഡഡ് കോളേജും നിലവിലുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിൽ ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഗുരുവായൂർ ദേവസ്വം ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ, ഗുരുവായൂർ ദേവസ്വം ശ്രീകൃഷ്ണ കോളേജ് എന്നിങ്ങനെ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിൽ ശ്രീ കേരളവർമ്മ കോളേജ് തൃശ്ശൂർ, ശ്രീ വിവേകാനന്ദ കോളേജ് കുന്നംകുളം, പാഠശാല സംസ്കൃത ഹൈസ്കൂൾ ചിറ്റൂർ എന്നിങ്ങനെ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെ അധീനതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ല.<br><br>മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെങ്കിലും ബോർഡിനു കീഴിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിൽ 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള സ്കൂളുകൾ ഏതെങ്കിലും വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവ് കൊണ്ട് നിർത്താലാക്കിയിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | നിർത്തലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അടഞ്ഞു കിടക്കുന്ന വിദ്യാഭ്യാസ സ്ഥപനങ്ങൾ ഉണ്ടെങ്കിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കേളേജുകൾ/ പോളിടെക്നിക്കുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അടഞ്ഞു കിടക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ